ചെയ്തതായ ഇലക്ട്രോണിക് ഉപകരണങ്ങളും തുടങ്ങിയവ കണ്ടെടുത്തിട്ടുണ്ട്. ഈ സാധനങ്ങളും തിരുവനന്തപുരം അഡീഷൽ ജുഡീഷ്യൽ 1-ാം ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ സൂക്ഷിച്ചുവരുന്നു. ഈ സാധനങ്ങളുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനായി നടപടികളും എടുത്തു കൊണ്ടിരിക്കുന്നു. പോലീസ് പിടിച്ചെടുത്ത സാധനങ്ങളുടെ ഉടമസ്ഥർ വിദേശരാജ്യങ്ങളിലായതുകൊണ്ടു അവരെ കൊണ്ടുവന്നു മുതലുകളും കോടതി മുമ്പാകെ വച്ചു തിരിച്ചറിയുവാൻ സാധിച്ചിട്ടില്ല.

(സി) ഇപ്പോൾ വിദേശയാത്രക്കാരുടെ മുതലുകളും സൂക്ഷിക്കുന്നതിനും മറ്റുമായി വിമാനത്താവള പരിസരത്ത് തന്നെ പുതിയതായി ബന്ധവസോടുകൂടിയ ഒരു എയർ കാർഗോ കോംപ്ലക്സ് പണി തീർത്തിട്ടുള്ളതും ആയതിനു 24 മണിക്കൂറും പോലീസ് കാവൽ ഏർപ്പെടുത്തിയിട്ടുള്ളതും കൂടാതെ വിമാനത്താവള കെട്ടിടത്തിനു വേണ്ട പോലീസ് ബന്ധവസ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഓപ്പറേഷൻ ഫ്ളഡ്—2

* 403. [431] ശ്രീ. കെ. കെ. ശ്രീനിവാസൻ :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ :
,, എ. സി. ജോസ് :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ ഫ്ളഡ്-2 എന്ന പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ള പരിപാടികൾ എന്തെല്ലാം ;

(ബി) ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ;

(സി) ഇതിനായി കഴിഞ്ഞ നാലു വർഷങ്ങളിലായി ചെലവഴിച്ച തുക എത്ര ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) സംസ്ഥാനത്തു ഓപ്പറേഷൻ ഫ്ളഡ്-2 പദ്ധതി നടപ്പിലാക്കുന്നതു കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ആണ്. പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുക, പാൽ സംഭരണം, സംസ്ക്കരണം, പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടെയും വിപണനം ഇവയാണ് പ്രധാന പരിപാടികൾ. ഇതുകൂടാതെ കന്നുകാലിത്തീറ്റയുടെ ഉൽപ്പാദനവും വിപണനവും നടത്തിവരുന്നുണ്ട്. കർഷകർക്കും സഹകരണ സംഘങ്ങളിലെ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്കും ജീവനക്കാർക്കും സാങ്കേതിക വിജ്ഞാനം നൽകുന്നതിനുള്ള ഒരു ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്നുണ്ട്.

(ബി) എട്ടു തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(സി ചെലവഴിച്ച തുക താഴെപറയും പ്രകാരമാണ്.

1982-83	—	91.71 ലക്ഷം
1983-84	—	152.70 ,,
1984-85	—	195.22 ,,
1985-86	—	242.86 ,,
ആകെ—		682.49 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly